പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 25

# 2011-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 25

# 2011-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

845/2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 25

# 2011-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും
ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) താഴെക്കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി രണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിലെ (1960-ലെ 34) 2-ാം വകുപ്പിൽ, 6-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(6) "തൊഴിലാളി" എന്നാൽ ഏതെങ്കിലും സ്ഥാപനത്തിലോ അതുമായി ബന്ധപ്പെട്ടോ പൂർണ്ണമായും അല്ലെങ്കിൽ പ്രധാനമായും തൊഴിൽ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു അപ്രന്റീസോ അല്ലെങ്കിൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, ഒരു തൊഴിലാളിയാണെന്ന് പ്രഖ്യാപിക്കുന്ന ഏതെങ്കിലും വിഭാഗം ആളുകളോ ഉൾപ്പെടുന്നതുമാകുന്നു.".

845/2011.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ കടകളിലും മറ്റു വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ഭൂരിഭാഗം സെക്യൂരിറ്റി ജീവനക്കാരും സെക്യൂരിറ്റി ഏജൻസികൾ മുഖേന നിയമിക്കപ്പെടുന്നവരാണ്. നിലവിൽ അത്തരം സെക്യൂരിറ്റി ഏജൻസികൾ മുഖേന നിയമിക്കപ്പെടുന്ന സെക്യൂരിറ്റി ജീവനക്കാർ ആ ഏജൻസികളുടെ നിയന്ത്രണത്തിലും അവരുടെ തൊഴിൽ താൽക്കാലിക സ്വഭാവമുള്ളതുമാണ്. അവർ 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരാത്തതിനാൽ പ്രസ്തുത ആക്റ്റിന്റെ യാതൊരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. അതിനാൽ, ഏതൊരു വിഭാഗം ആൾക്കാരേയും പ്രസ്തുത ആക്റ്റിന്റെ പിരിധിയിൽ കൊണ്ടുവരാനും ആക്റ്റിന്റെ കീഴിലുള്ള ആനുകൂല്യങ്ങൾ അത്തരം ആളുകൾക്കുകൂടി വ്യാപിപ്പിക്കുവാനും വിജ്ഞാപനം ചെയ്യുവാൻ സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ള "തൊഴിലാളി" എന്ന വാക്കിന്റെ നിർവ്വചനം ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം പകരം ചേർക്കാനുദ്ദേശിക്കുന്ന 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന്റെ 2-ാം വകുപ്പ് (6)-ാം ഖണ്ഡം ഏതെങ്കിലും വിഭാഗം ആളുകളെ പ്രസ്തുത ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു തൊഴിലാളിയാണെന്ന് പ്രഖ്യാപിക്കുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

ഏതു കാര്യത്തെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത് അത് നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഷിബു ബേബിജോൺ

(ശരിത്തർജ്ജമ)

## 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിലെ പ്രസക്ത ഭാഗങ്ങൾ

(1960-ലെ 34)

*** *** ***

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

*** *** ***

(5) "ദിവസം" എന്നാൽ അർദ്ധരാത്രിയിൽ തുടങ്ങുന്ന ഇരുപത്തിനാല് മണിക്കൂർ കാലാവധി എന്നർത്ഥമാകുന്നു ;

എന്നാൽ, അർദ്ധരാത്രിക്കുശേഷവും ജോലിസമയം ദീർഘിപ്പിച്ചിട്ടുള്ള ഒരു തൊഴിലാളിയുടെ സംഗതിയിൽ, ദിവസം എന്നാൽ, അത്തരം ജോലി തുടങ്ങുന്നതു മുതലുള്ള ഇരുപത്തിനാല് മണിക്കൂർ കാലാവധി എന്നർത്ഥമാകുന്നു ;

(6) "തൊഴിലാളി" എന്നാൽ, ഏതെങ്കിലും സ്ഥാപനത്തിലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടോ പൂർണ്ണമായും അല്ലെങ്കിൽ പ്രധാനമായും തൊഴിൽ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു അപ്രന്റീസ് ഉൾപ്പെടുന്നതുമാകുന്നു ;

(7) "തൊഴിലുടമ" എന്നാൽ, ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥനും കാര്യങ്ങൾക്കുമേൽ ആത്യന്തികമായ നിയന്ത്രണമുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നതും അതിൽ മാനേജർ, ഏജന്റ് അല്ലെങ്കിൽ ഒരു സ്ഥാപനത്തിന്റെ പൊതു മാനേജ്മെന്റിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന മറ്റ് വ്യക്തിയോ ഉൾപ്പെടുന്നതുമാകുന്നു ;

*** *** ***